KSCSTE-SRIBS

KSCSTE-SrinivasaRamanujan
INSTITUTE FOR BASIC SCIENCES
(An Institution under Kerala State Council for Science, Technology & Environment)
Nedumkuzhy, Pampady, Velloor P.O, Kottayam 686 501
Tel: +91-481-2500200 E-mail: sribs.kscste@gmail.com

# ടെണ്ടർ നോട്ടീസ്

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്
നെടുംകുഴി, പാമ്പാടി , കോട്ടയം -686501, Ph.0481-2500200.

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ കോട്ടയം, പാമ്പാടിയിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിലെ ഡയറക്ടറുടെ ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വർഷത്തേയ്ക്ക് 2017 model മുതലുള്ള SUV vehicle ഡ്രൈവർ സഹിതം പ്രതിമാസനിരക്കിൽ കരാർ വ്യവസ്ഥയിൽ ഓടിക്കുന്നതിന് സന്നദ്ധതയുള്ള സ്ഥാപനങ്ങൾ / വ്യക്തികളിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ടെണ്ടറുകൾ ഡയറക്ടർ, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്, നെടുംകുഴി, പാമ്പാടി , കോട്ടയം - 686501 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ 13-08-2025 3.pm വരെ സമർപ്പിക്കാവുന്നതാണ്. അന്നേ ദിവസം 3.30pmന് ഹാജരായവരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതുമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി Director, SRIBS, Pampady എന്ന പേരിൽ ഏതെങ്കിലും Nationalized/scheduled Bank ൽ നിന്നും എടുത്ത 10000/- രൂപയുടെ DD അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## നിബന്ധനകളും വ്യവസ്ഥകളും

1. ടെണ്ടർ തുക രേഖപ്പെടുത്തുമ്പോൾ പ്രതിമാസം 1500 കിലോമീറ്റർ ഓടുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയിരിക്കണം.
2. അധികമായി ഓടുന്ന കിലോമീറ്ററിന് നിരക്ക് പ്രത്യേകമായും രേഖപ്പെടുത്തേണ്ടതാണ്.
3. ദൈനംദിന അടിസ്ഥാനത്തിൽ ഓട്ട ദൂരത്തിന് കിലോമീറ്റർ പരിധി ഉണ്ടാവുന്നതല്ല കരാർ കാലയളവിൽ ഏതെങ്കിലും മാസം 1500 കി.മീറ്ററിൽ കൂടുതലോ കുറവോ വന്നാൽ തുടർന്നുള്ള മാസങ്ങളിൽ ശേഷിക്കുന്ന കിലോമീറ്ററുകളിൽ ഉപയോഗിക്കുന്നതാണ്.
4. രേഖപ്പെടുത്തുന്ന പ്രതിമാസ നിരക്കിൽ, പെട്രോൾ, ഡീസൽ, ഓയിൽ, ടോൾ, റോഡ് ടാക്സ്, RTO/police ചാർജുകൾ, വാഹന ഇൻഷുറൻസ്, മുനിസിപ്പൽ ടാക്സ്, വർക്ക് കോൺട്രാക്ട് ടാക്സ്, ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ചാർജുകൾ മറ്റ് ആകസ്മിക ചെലവുകൾ,അറ്റകുറ്റപ്പണികൾക്കും മെയിന്റനൻസിനുമുള്ള ചെലവ് എന്നിവ ഉൾപ്പെട്ടുത്തേണ്ടതാണ്.

5. കരാർ കാലാവധി പ്രവർത്തന ഉത്തരവിൽ പറയുന്ന തീയതി മുതൽ സാധാരണ സാഹചര്യങ്ങളിൽ ഒരു വർഷത്തേക്കാണ് കരാർ കാലാവധി എന്നിരുന്നാലും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും മാറ്റമില്ലാതെ ഇതേ നിരക്കിൽ കാലാവധി ദീർഘിപ്പിക്കാനുള്ള പൂർണ അധികാരം SRIBS ഡയറക്ടറിൽ നിക്ഷിപ്തമാണ്.
6. ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെടുമ്പോൾ സംസ്ഥാനത്തുടനീളം ഓട്ടുന്നതിന് വാഹനം ഉപയോഗിക്കേണ്ടതായി വരും,
7. വാഹനം കേന്ദ്ര/സംസ്ഥാന സർക്കാരിൻ്റെ ബന്ധപ്പെട്ട അധികാരത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം.
8. മുഴുവൻ സമയവും ടെലിഫോൺ/കോൺടാക്റ്റ് നമ്പറുകൾ കരാറുകാരന് ഉണ്ടായിരിക്കണം.
9. ഔദ്യോഗിക കൃത്യസമയത്ത് തകരാർ സംഭവിച്ചാൽ, പകരം വാഹനം ഉടൻ നൽകേണ്ടത് കരാറുകാരൻ്റെ ഉത്തരവാദിത്തമായിരിക്കും. പകരമായി വാഹനം കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ , മറ്റൊരു വാഹനം വാടകയ്ക്കെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് അവകാശമുണ്ടായിരിക്കും ഇതിന് വരുന്ന അധിക ചിലവ് കരാറുകാരൻ വഹിക്കേണ്ടതാണ്.
10. കരാർ ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം 500/- രൂപയുടെ മുദ്രപത്രത്തിൽ SRIBS ഉം ആയി കരാറിൽ ഏർപ്പെടേണ്ടതാണ്.
11. മോട്ടോർ വാഹന വകുപ്പ് GPS സംവിധാനം മറ്റേതെങ്കിലും സർക്കാർ സംവിധാനം നിർബന്ധമാക്കുന്ന മുറക്ക് കരാറുകാരൻ സ്വന്തം ചെലവിൽ വാഹനങ്ങളിൽ ആയത് സംവിധാനങ്ങൾ ഘടിപ്പിക്കേണ്ടതാണ്.
12. അത്യാവശ്യ ഘട്ടങ്ങളിലും അവധി ദിവസങ്ങളിലുംആവശ്യപ്പെടുന്ന പക്ഷം വാഹനം ഹാജരാക്കുവാൻ ഡ്രൈവർ സന്നദ്ധനായിരിക്കണം
13. യാത്രചെയ്യുന്ന ഓഫീസറുടെ ആവശ്യത്തിനനുസരിച്ച് ഡ്രൈവർ സഹകരണ മനോഭാവത്തോടും മതിപ്പുളവാക്കുന്ന വിധത്തിലും പെരുമാറേണ്ടതാണ്.
14. വാഹനം എല്ലാ അർത്ഥത്തിലും യാത്രക്ക് സജ്ജമായ വിധത്തിൽ ആയിരിക്കേണ്ടതാണ്.
15. യാതൊരു കാരണവശാലും കീഴ് കരാർ അനുവദിക്കുന്നതല്ല.
16. വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിക്കുന്നതിനുള്ള എല്ലാ യോഗ്യതകളും, പരിചയവും ഉണ്ടായിരിക്കേണ്ടതും യാത്രികരുടെ പൂർണ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കാനുള്ള ബാധ്യതയും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. വാഹനങ്ങളിൽ കയറ്റുന്ന സാധനസാമഗ്രികളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന തരത്തിലുള്ള ബാധ്യതയും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

ഡയറക്ടർ